**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1791** **12-09-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളം വഴി പഴം-പച്ചക്കറി കയറ്റുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പഴം-പച്ചക്കറി വസ്തുക്കൾ കയറ്റുമതി ചെയ്യുന്ന കോഴിക്കോട് വിമാനത്താവളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉണർവിന് പ്രത്യേക ശ്രദ്ധ കൃഷി വകുപ്പിൽ നിന്നും ഉണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള, NABARD-RIDF Tranche XXVII-ൽ ഉൾപ്പെടുത്തി, കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ' Centre for Perishable Cargo' സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | നിലവിൽ പഴം-പച്ചക്കറി കയറ്റുമതിക്ക് ആവശ്യമായ സർട്ടിഫിക്കറ്റ് ഓഫ് കൺഫോർമിറ്റി ലഭിക്കാൻ പഴം പച്ചക്കറികളിൽ വിഷാംശം അടങ്ങിയിട്ടില്ലെന്ന ലാബ് റിപ്പോർട്ട് ആവശ്യമാണെന്നിരിക്കെ ആയതിനുള്ള ലാബ് സൗകര്യം കോഴിക്കോട് ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | അവശിഷ്ട വിഷാംശ പരിശോധന ലാബ് കോഴിക്കോട് വിമാനത്താവളത്തിൽ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിമാനത്താവളത്തിൽ നിന്ന് ഇപ്പോൾ കയറ്റുമതി ചെയ്യുന്ന പഴം-പച്ചക്കറികളിൽ അധികവും ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതാണ് എന്നിരിക്കെ കയറ്റുമതി സംഘടനകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് വേണ്ടി കൃഷിവകുപ്പ് മുഖേന പ്രത്യേക നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് ഉൽപ്പന്നങ്ങൾ പ്രധാനമായും എത്തുന്നത് കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ നിന്നാണ്. വി.എഫ്.പി.സി.കെ കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ 3 വീതം (ആകെ 6) എഫ്.പി.ഒ-കൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത എഫ്.പി.ഒ-കളിലൂടെ ഏകദേശം 1800 കർഷകരെ കയറ്റുമതിയ്ക്കായി ശാസ്ത്രീയ കൃഷി പരിപാലന മുറകളിലൂടെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ നൽകുവാൻ പ്രാപ്തരാക്കുന്നു. ഈ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്കായി 12 ഹെക്ടർ സ്ഥലത്ത് നേന്ത്രവാഴയുടെ കയറ്റുമതി അധിഷ്ഠിത പ്രോട്ടോക്കോളിൽ നിഷ്കർഷിച്ചിരിക്കുന്ന ഉൽപാദനോപാധികൾ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യും.<br><br>കൂടാതെ, കയറ്റുമതി ശൃംഘലയിൽ ഉൾപ്പെടുന്ന ഉൽപാദകർ, കയറ്റുമതിക്കാർ, പായ്ക്ക് ഹൗസ് ഓപ്പറേറ്റർമാർ, ഫ്രേയ്റ്റ് ഫോർവേഡേഴ്സ് മുതലായ വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിനെ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | എക്സ്പോർട്ടേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ